**പതിനാലാം കേരളനിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3557** **14.03.2017-ൽ മറുപടിക്ക്**

**ലഹരിവസ്തുക്കളുടെ വില്പന**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| സ്കൂൾ-കോളേജ് പരിസരങ്ങളിൽ മയക്കമരുന്നും മറ്റു ലഹരിവസ്തുക്കളും വില്പന നടത്തുന്നത് തടയുന്നതിന് പോലീസ് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | സ്കൂൾ-കോളേജ് പരിസരങ്ങളിൽ മയക്കമരുന്നും മറ്റു ലഹരിവസ്തുക്കളും വില്പന നടത്തുന്നത് തടയുന്നതിനായി ജനമൈത്രി പോലീസ്, ജാഗ്രത സമിതികൾ, പി.ടി.എ, എസ്.പി.സി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (എസ്.പി.ജി.), ലഹരി വിരുദ്ധ കാവൽക്കൂട്ട യൂണിറ്റുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ മുഖാന്തിരം ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. സ്കൂൾ വിദ്യാർത്ഥികളെ മയക്കമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും ഇതിനെതിരെ ജാഗ്രത പുലർത്തുന്നതിനും വേണ്ടി സംസ്ഥാനത്ത് ആഭ്യന്തര, വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ "ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബോധവത്കരണ പരിപാടികൾക്കു പുറമെ സ്കൂൾ കോളേജ് പരിസരങ്ങളിലെ കടകളിലും മറ്റും പോലീസ് റെയ്ഡുകൾ നടത്തി പുകയില ഉത്പന്നങ്ങളും പാൻ മസാലകളും മറ്റു മയക്കു മരുന്ന് ഉത്പന്നങ്ങളും പിടിച്ചെടുക്കുകയും ശീതള പാനീയങ്ങൾ, ഐസ്ക്രീം, കുട്ടികളെ ആകർഷിക്കുന്ന മറ്റു ഉൽപ്പന്നങ്ങൾ എന്നിവ പരിശോധിപ്പിച്ചും നിയമാനുസൃതമായ നടപടികൾ എടുക്കുന്നുണ്ട്. പുകയില ഉത്പന്നങ്ങളും മദ്യവും വിൽക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള ദൂരപരിധി കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് കർശനമായി പോലീസ് നിരീക്ഷിക്കുന്നുണ്ട്.<br><br>മദ്യം, മയക്കുമരുന്ന് തുടങ്ങിയവ ഉപയോഗിക്കുന്നതുമൂലമുള്ള ദൂഷ്യവശങ്ങളെപ്പറ്റി കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഷോർട്ട് ഫിലിമുകൾ നിർമ്മിച്ച് തീയറ്ററുകളിലും |

ദൃശ്യമാധ്യമങ്ങളിലും, സ്കൂളുകളിലും, കോളേജുകളിലും പ്രദർശിപ്പിച്ച് ബോധവത്കരണം നടത്തിവരുന്നു. കേരളത്തിലെ എല്ലാ വിദ്യാലയങ്ങളും പരിസരങ്ങളും ലഹരിമുക്തമാക്കുന്നതിലേക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിമുക്ത ബോർഡുകൾ പി.ടി.എ-കളുടെ സഹകരണത്തോടുകൂടി നിർദ്ദിഷ്ട മാതൃകയിൽ സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ